ഖുത്ബ
17.9.2004
ബയ്ത്തുൽ ഫുതൂഹ്,
ലണ്ടൻ.

بسم الله الرحمن الرحيم

# ഭിന്നിച്ചുനില്ക്കാതെ യോജിപ്പിലാകുക, ലോകസമാധാനത്തിന് ഇന്ന് ആവശ്യം അതാണ്.

وَإِنْ طَآئِفَتَانِ مِنَ الْمُؤْمِنِينَ اقْتَتَلُوا فَأَصْلِحُوا
بَيْنَهُمَا فَإِنْ بَغَتْ إِحْدَاهُمَا عَلَى الْأُخْرَى فَقَاتِلُوا
الَّتِي تَبْغِي حَتَّى تَفِيءَ إِلَى أَمْرِ اللَّهِ فَإِنْ فَاءَتْ
فَأَصْلِحُوا بَيْنَهُمَا بِالْعَدْلِ وَأَقْسِطُوا إِنَّ اللَّهَ
يُحِبُّ الْمُقْسِطِينَ ۝
إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ
وَاتَّقُوا اللَّهَ لَعَلَّكُمْ تُرْحَمُونَ ۝

(49:10,11)

'**ഇ**ന്ന രാജ്യത്ത് ഈ കുഴപ്പങ്ങൾ നടക്കുന്നു, ഇന്ന രാജ്യത്ത് ആ കുഴപ്പങ്ങൾ നടക്കുന്നു' എന്ന വാർത്തകൾ കൊണ്ട് ഇക്കാലത്ത് ദിനപത്രങ്ങൾ നിറഞ്ഞിരിക്കുകയാണ്. ജനങ്ങൾ തമ്മിലും വഴക്കുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കോടതികളിലെ കേസ്സുകൾ നോക്കുമ്പോൾ ലഹളയും വഴക്കും കേസ്സുമല്ലാതെ ജനങ്ങൾക്ക് മറ്റൊരു ജോലിയുമില്ലെന്ന് തോന്നിപ്പോകുന്നു. നമ്മുടെ രാജ്യത്ത് പാക്കിസ്ഥാനിലും ഏഷ്യൻ രാഷ്ട്രങ്ങളിൽ ഏകദേശം എല്ലായിടത്തും ഇതുതന്നെയാണ് സ്ഥിതി. കൃഷിക്കാരന്റെ കൈയിൽ കുറച്ചു പൈസ വന്നാൽ, അതായത് വിളവ് നല്ലവണ്ണം കിട്ടിയാൽ - സാധാരണ നമ്മുടെ കൃഷിക്കാരിലധികവും കടത്തിന്റെ ഭാരം പേറുന്നവരാണ്, എന്നുമാത്രമല്ല കടത്തിൽ ജനിക്കുകയും കടത്തിൽ തന്നെ ജീവിക്കുകയും കടത്തിൽ തന്നെ മരിക്കുകയും ചെയ്യുന്നവരാണ് ദരിദ്രരാഷ്ട്രങ്ങളിലെ അധികം കൃഷിക്കാരുമെന്ന് പറയാറുണ്ട്. അതായത് പിന്നാലെ വരുന്നവർക്കായി കടം ഉപേക്ഷിച്ചു പോകുന്നു.- നമ്മുടെ ഗ്രാമവാസികളിൽ പൊതുവെയും, ചെറുകിട കൃഷിക്കാരിലും എന്നുമാത്രമല്ല കർഷകതൊഴിലാളികളിലും, അല്പം പൈസ അവർക്കു കിട്ടിക്കഴിഞ്ഞാൽ ആ പണം പൊതുവെ കേസ്സുകളിലും വഴക്കുകളിലുമാ ണ് ചെലവഴിക്കപ്പെടുന്നത്. ഒരടി ഭൂമിക്കു വേണ്ടി കുഴപ്പങ്ങൾ ഉണ്ടാകുന്നു. ചിലപ്പോൾ തമ്മിലടിയും ഉണ്ടാകുന്നു. പിന്നീട് കൊലയും നടക്കുന്നു. അതിനെ തുടർന്ന് കേസ്സും നടക്കുന്നു. സമ്പാദിച്ചതെല്ലാം ഈ കേസ്സിലും വഴക്കുകളിലും വക്കീൽമാർക്കും, തന്നെ സഹായിക്കുന്നവർക്കും വേണ്ടി ചെലവഴിക്കുന്നു. പണം തീരുമ്പോൾ കടം വാങ്ങി കേസ്സു നടത്താൻ തുടങ്ങുന്നു. ഇവിടെ വന്നിരിക്കുന്ന കർഷക കുടുംബത്തിൽപ്പെട്ടവർക്ക് ഈ കാര്യം നല്ലവണ്ണം അറിയാവുന്നതാണ്. രഞ്ജിപ്പിനെ സംബന്ധിച്ച് അവർ ചിന്തിക്കുന്നതേയില്ല. പട്ടണങ്ങളിലും ഇതുതന്നെയാണ് അവസ്ഥ. നിസ്സാരകാര്യങ്ങളിൽ വഴക്കിടുന്നു. ദുരഭിമാനത്തിലാണ് എല്ലാ ശക്തിയും ചെലുത്തുന്നത്. അതിനായി നശിക്കേണ്ടി വന്നാലും സാരമില്ല. ഇവരുടെ അല്ലാഹുവിനു വേണ്ടിയുള്ള അറ തികച്ചും കാലിയായിക്കിടക്കുന്നു. പൊതുവെ മുസ്‌ലിംകളിലും ഇത് ഒരുപാട് കാണാം. പാക്കിസ്ഥാനിൽ നിങ്ങൾ നോക്കുക. മുസ്‌ലിമാണോ എന്നു ചോദിച്ചാൽ, അൽഹംദുലില്ലാഹ്, മാശാഅല്ലാഹ് ഞങ്ങൾ മുസ്‌ലിംകളാണെന്ന് പറയും. എങ്ങനെയുള്ള മുസ്‌ലിം? ഇസ്‌ലാമിക പാഠമനുസരിച്ച് പ്രവർത്തിക്കാത്ത മുസ്‌ലിം. ഇങ്ങനെ ഒരവസ്ഥ അവർക്ക് ഉണ്ടാകേണ്ടതു തന്നെയായിരുന്നു. അവരുടെ പരിഷ്ക്കരണത്തിന്നായി ഇമാം മഹ്ദിയും വരേണ്ടതായിരുന്നു. രാജ്യങ്ങളുടെയും ജനങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. അന്യായമായ നിലയിൽ മറ്റു രാഷ്ട്രങ്ങളെ സമാധാനത്തിന്റെ പേരിൽ തങ്ങളുടെ കീഴിലാക്കുന്നു. മേൽനോട്ടത്തിൽ കൊണ്ടുവരുന്നു. അവരുടെ നിബന്ധനയോടെയാണ് ഇവർക്ക് ജീവിക്കാനുള്ള അവകാശം കൊടുക്കുന്നത്. ചെറിയ രാഷ്ട്രങ്ങളിലെ വരുമാന മാർഗ്ഗങ്ങളെ സ്വന്തം ഇഷ്ടമനുസരിച്ച് പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി മാത്രമാണിത്. അവരുടെ സമ്പത്തിന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിനുവേണ്ടിയാണിത്. ഇന്നു ലോകത്തു നാം കാണുന്ന എല്ലാ കുഴപ്പങ്ങൾക്കും കാരണം ഇതൊന്നു മാത്രമാണ്. ഈ എല്ലാ കുഴപ്പങ്ങളും നിത്യവൃത്തിക്കുള്ള ഭക്ഷണം പിടിച്ചെടുക്കുന്നതിനും ഉപജീവനമാർഗ്ഗം സുരക്ഷിതമാക്കുന്നതിനും പണം സമ്പാദിക്കുന്നതിനും വേണ്ടിയാണ്. അല്ലെങ്കിൽ മറ്റുള്ളവന്റെ സമ്പത്തിലേക്ക് കണ്ണുംനട്ടിരിക്കുന്നതുകൊണ്ടാണ് ഇതുണ്ടാകുന്നത്. അല്ലെങ്കിൽ മറ്റുള്ളവന്റെ പണം അപഹരിച്ചെടുക്കുന്നതുകൊണ്ടാണ് ഈ കുഴപ്പം ഉണ്ടാകുന്നത്. ഇതെല്ലാം ഇക്കാലത്ത് വർധിക്കാൻ കാരണം അല്ലാഹു ഏതൊരു അന്യായമായ പ്രവൃത്തിയിലൂടെ പണം സമ്പാദിക്കരുതെന്ന് പറഞ്ഞുവോ അതിന്ന് സർവവ്യാപകമായിരിക്കുന്നതു കൊണ്ടാണ്. അതായത് പലിശ. ആരെങ്കിലും അതിൽനിന്ന് രക്ഷപ്പെടാനാഗ്രഹിച്ചാൽ തന്നെ എങ്ങനെ രക്ഷപ്പെടണമെന്നറിയാൻ കഴിയാത്തത്ര ഇനം പലിശകളാണ് ഇന്നുള്ളത്.

ഒരാൾ കടമെടുത്തു. ഹദീസിൽ അതു പലിശ

യാണ്, എന്നാൽ അയാളുടെ പക്കൽ അതു പലിശ യ്ക്കല്ല. ഈ സാത്താനിക നീർച്ചുഴി ഇവരെയെല്ലാം വലയം ചെയ്തിരിക്കുന്നതു കാണുമ്പോൾ, സത്യ വിശ്വാസികൾക്കല്ലാതെ, തഖ്‌വയിലൂടെ സഞ്ചരിക്കു ന്നവർക്കല്ലാതെ ഇതിൽനിന്ന് രക്ഷപ്പെടുക പ്രയാസ മാണെന്ന് മനസ്സിലാകുന്നു. വ്യക്തിപരമായി ജനങ്ങൾ കടമെടുത്തിട്ടില്ലെങ്കിൽ തന്നെ പലിശയ്ക്കു പണമെ ടുത്തിട്ടുള്ള രാജ്യങ്ങളും സർക്കാറുകളും ജനതയിലെ ഓരോ വ്യക്തിയേയും അതു മുഖേന അവശരാക്കി യിരിക്കുന്നു. അവർക്ക് കടം വീട്ടണമെങ്കിൽ ജനത യുടെ പണം കൊണ്ടേ വീട്ടാൻ പറ്റുകയുള്ളു. ഇക്കാ രണത്താൽ

ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ بِمَا كَسَبَتْ أَيْدِي
النَّاسِ لِيُذِيقَهُم بَعْضَ الَّذِي عَمِلُوا لَعَلَّهُمْ
يَرْجِعُونَ ﴿٤١﴾ (30:42)

എന്നതിന്റെ കാഴ്ച നടമാടുമെന്ന് അല്ലാഹു പറഞ്ഞി രുന്നതാണ്. അതായത്, ഈ കൊള്ളരുതായ്മകളും, ദുഷ്ടതകളും, സൂത്രങ്ങളും, പലിശയിടപാടുകളും ജനങ്ങളുടെ അവകാശങ്ങൾ ബലമായി പിടിച്ചെടു ക്കുന്ന രീതികളും, അല്ലാഹുവിനോടു മറ്റുള്ളവയെ പങ്കുചേർക്കലും കാരണത്താൽ കരയിലും കടലിലും കുഴപ്പങ്ങൾ ഉണ്ടാകും. നിങ്ങൾ നോക്കുക, അതു പോലെതന്നെയാണ് ഇന്ന് ലോകത്ത് സംഭവിച്ചുകൊ ണ്ടിരിക്കുന്നത്. എന്നാൽ, ഇക്കാലത്ത് സത്യവിശ്വാ സികൾക്ക്, കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്ന വർക്കുള്ള ഉപദേശം, അത്തരം അവസ്ഥയുണ്ടാ യാൽ നിങ്ങൾ അതിനെ തിരുത്തി ശരിയാക്കാൻ ശ്രമിക്കണമെന്നാണ്. ഇരുകക്ഷികളുടെയിടയിലും രഞ്ജിപ്പുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. കുടുംബപ രമായ നിലയിൽ ഭാര്യയും ഭർത്താവും തമ്മിലുള്ള വഴക്കാണെങ്കിലും തൊഴിലുപരമായ വഴക്കുകളാ ണെങ്കിലും സ്വാർത്ഥതാപരമായ വഴക്കുകളാണെ ങ്കിലും ജനതകൾ തമ്മിലുള്ള വഴക്കുകളാണെങ്കിലും, അല്ലാഹു നമ്മെ പഠിപ്പിച്ചിരിക്കുന്ന രീതി സ്വീകരിക്കു കയാണെങ്കിൽ ലോകത്തു നടമാടുന്ന കുഴപ്പങ്ങൾ അവസാനിക്കുന്നതാണ്. എങ്കിൽ മാത്രമെ സമാധാ നത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾക്ക് വിജയിക്കാൻ സാധിക്കുകയുള്ളു. അപ്പോൾ മാത്രമെ യു. എൻ. ഓയ്ക്ക് വിജയിക്കാൻ കഴിയുകയുള്ളു. ഇത് മറ്റൊരു വിഷയമാണ്.

ഞാൻ ഇന്ന് ജനതകളെക്കുറിച്ചല്ല പറയുന്നത്, ഇന്നത്തെ ഖുത്ബയിൽ ചെറിയതലത്തിൽ, സാമൂ ഹികമായ തലത്തിൽ ഇതിനെ പരാമർശിച്ച് സംസാ രിക്കുന്നതാണ്.

ഒന്നാമതായി ഈ വഴക്കുകളിൽനിന്ന് ഒഴിഞ്ഞു നില്ക്കാനാണ് സത്യവിശ്വാസികളോടു കല്പിച്ചിട്ടു ള്ളത്. ഇനി അത്തരം ഒരവസ്ഥ ഉണ്ടാകുകയാണെ ങ്കിൽ, ലഹളയും കലഹവും പരസ്പരം ഉണ്ടാകുക യാണെങ്കിൽ, മറ്റു സത്യവിശ്വാസികൾ ഇടപെട്ട് ഇത് പരിഹരിക്കേണ്ടതാണ്. 'ചെറിയ കാര്യങ്ങളാണ്, ഇതി ലിങ്ങനെ വഴക്കിടുന്നത് നല്ലതല്ല, അല്ലാഹുവിനോട് നന്ദികാണിക്കാത്തവനാകുന്നതെന്തിനാണ്, പര സ്പരം നിയമങ്ങൾ കൈയിലെടുക്കാൻ അനുവാദ മില്ല, പകരംവീട്ടാൻ ആർക്കും അവകാശമില്ല' എന്നൊ ക്കെ പറഞ്ഞ് അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. മനസ്സിലാക്കിക്കൊടുത്തതിനുശേഷം അവർ പിന്മാ റുകയാണെങ്കിൽ, ഐക്യപ്പെടാനുള്ള അവസ്ഥയിലെ ത്തുകയാണെങ്കിൽ നല്ലതാണ്. ഇനി തീരുമാനം അംഗീകരിക്കുന്നില്ലെങ്കിൽ അയാളെ ശിക്ഷിക്കാൻ കല്പിച്ചിരിക്കുന്നു. അയാൾക്ക് സമൂഹത്തിൽ ഒരു സ്ഥാനവും കൊടുക്കരുതെന്നും, അയാളോടു സഹ താപം കാണിക്കരുതെന്നും പറഞ്ഞിരിക്കുന്നു.

ചില വഴക്കുകളിൽ തീർപ്പുകല്പിക്കുന്നതിനു വേണ്ടി ജമാഅത്ത്പരമായ നിലയിൽ ആളുകൾ ഖസായിൽ വരാറുണ്ട്. ഇല്ലെങ്കിൽ മാദ്ധ്യസ്ഥം വഹി പ്പിക്കാറുണ്ട്. ഒരു തീരുമാനമെടുത്തു കഴിഞ്ഞാൽ ചിലർ അതംഗീകരിക്കാൻ തയ്യാറാകുന്നില്ല. ഇക്കാര ണത്താൽ അവർക്കെതിരിൽ നടപടിയെടുക്കുമ്പോൾ അവർക്ക് ശിക്ഷ ലഭിക്കുമ്പോൾ - ജമാഅത്തിനു ള്ളിൽ ജമാഅത്ത് വ്യവസ്ഥിതിയുടെ തീരുമാനത്തെ ഇഷ്ടപ്പെടാതിരിക്കാൻ പറ്റുകയില്ലല്ലോ, ജമാഅ ത്തിന്റെ കൈയിൽ പോലീസിന്റെ ശക്തിയുമില്ല - അവർക്ക് ഈ ശിക്ഷ ലഭിക്കുമ്പോൾ തീരുമാനം അംഗീകരിക്കാത്തവരുടെ ബന്ധുക്കൾ അല്ലെങ്കിൽ സുഹൃത്തുക്കൾ, ജമാഅത്തിന്റെ വിധി അംഗീകരി ക്കുന്നതിലാണ് അനുഗ്രഹം എന്ന് പറഞ്ഞ് അവരിൽ സമ്മർദ്ദം ചെലുത്തി അതംഗീകരിപ്പിക്കുന്നതിനുപക രം, അവരുടെ നിലപാടിൽ അവരെ സഹായിക്കാൻ തുടങ്ങുന്നു. അന്യായമായ നിലയിൽ സഹായിക്കാൻ തുടങ്ങുന്നു. അന്യായമായ ഈ സഹായം കൊണ്ട് ശിക്ഷ ലഭിച്ചവരെ നന്നാക്കിയെടുക്കാൻ പറ്റുകയി ല്ല. തനിക്കും ഒരു സംഘമുണ്ടെന്നും, തന്റെ അടുത്ത ബന്ധുക്കൾ തന്റെ നിലപാടിനെ മോശമായിക്കാണു ന്നില്ലെന്നും അയാൾ മനസ്സിലാക്കുന്നു. താനിരിക്കു കയും എഴുന്നേല്ക്കുകയും ചെയ്യുന്ന തന്റെ സമൂഹം തന്റെ പ്രവൃത്തി മോശമായിക്കാണുന്നി ല്ലെന്ന് അയാൾ കരുതുന്നു. ഇങ്ങനെ വരുമ്പോൾ തെറ്റുതിരുത്തി നന്നാക്കിയെടുക്കാൻ പറ്റുകയില്ല. പറ്റു കയാണെങ്കിൽതന്നെ അതിന് ദീർഘകാലമെടുക്കും. അതുകൊണ്ട്, ആർക്കെങ്കിലും എതിരിൽ നടപടിവ ന്നാൽ അയാളെ നന്നാക്കിയെടുക്കുന്നതിനുവേണ്ടി എല്ലാവരും ചേർന്ന് അയാളുടെ മേൽ സമ്മർദ്ദം ചെലുത്താനുള്ള ഈ കല്പന മുഴുവൻ സമൂഹ ത്തോടുമാണ്. അല്ലാതെ അന്യായമായി സഹായി ക്കരുത്. അത്തരക്കാരെക്കൊണ്ട് വിധി അംഗീകരി പ്പിക്കാൻ സമ്മർദ്ദം ചെലുത്തേണ്ടതാണ്. വിധി തെറ്റാ വട്ടെ, ശരിയാവട്ടെ. അപ്പീലിനുശേഷം എല്ലാ അവ കാശവും അവസാനിച്ചുകഴിഞ്ഞാൽ, പിന്നീട് വിധി നടപ്പിൽ വരുത്തുന്നതിനുവേണ്ടി സമ്മർദ്ദം ചെലു

ത്തേണ്ടത് സമൂഹത്തിന്റെ പ്രവൃത്തിയാണ്. സമൂഹം ശരിയായ നിലയിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ അതിന് വിരുദ്ധം പ്രവർത്തിക്കാൻ ആർക്കും സാധ്യമല്ല. ചെറിയ സമൂഹ പരിധിയിൽ, ജമാഅത്തിനുള്ളിൽ ഞാൻ പറഞ്ഞതുപോലെ അവരോട് യുദ്ധം ചെയ്യുക എന്ന കല്പന, നടപ്പിൽ വരുത്തുക എന്നതിന്റെ ഉദ്ദേശ്യം അവരിൽ സമൂഹം സമ്മർദ്ദം ചെലുത്തുക എന്നാണ്. കുടുംബ ബന്ധം സമ്മർദ്ദം ചെലുത്തുക. സുഹൃദ് ബന്ധം സമ്മർദ്ദം ചെലുത്തുക. ഇങ്ങനെ നാനാ ഭാഗത്തുനിന്നും സമ്മർദ്ദം ഉണ്ടാകുമ്പോൾ, വിധി അംഗീകരിക്കാതിരിക്കുക എന്ന പ്രശ്നം തന്നെ ഉദിക്കുകയില്ല. ഇങ്ങനെ സമൂഹം മുഴുവനും ജമാഅത്ത് വ്യവസ്ഥിതിയെ സഹായിക്കുകയായിരിക്കും ഇതു മുഖേന ചെയ്യുന്നത്. എന്നുമാത്രമല്ല, ഈ കല്പനയ്ക്കു വിധേയമായി അത്തരം സമൂഹം നിലവിൽ വന്നാൽ ഒന്നു രണ്ടു സംഭവങ്ങൾക്കുശേഷം പരസ്പരം അവകാശങ്ങൾ ബലാൽക്കാരമായി പിടിച്ചെടുക്കുന്നതിനു വേണ്ടി ശ്രമിക്കുകയേയില്ലെന്ന് ഞാൻ പറയും. ഈ വഴക്കുകൾ ഉണ്ടാവില്ല, കുഴപ്പങ്ങൾ ഉണ്ടാവില്ല, ജമാഅത്തിനുള്ളിൽ ഈ ഫിത്നയും ഉണ്ടാകുകയില്ല. പിന്നീട് പറഞ്ഞു, ഈ സമ്മർദ്ദങ്ങൾ കാരണത്താൽ മറുകക്ഷി രഞ്ജിപ്പിന് തയ്യാറായാൽ, വിധി അംഗീകരിക്കാൻ തയ്യാറായാൽ പിന്നീട് സമൂഹവും ജനങ്ങളും സുഹൃത്തുക്കളും ജമാഅത്ത് വ്യവസ്ഥിതിയും ഒരുതരത്തിലുള്ള പ്രശ്നവും ഉണ്ടാക്കാൻ പാടില്ല. പ്രത്യുത വിധിയിൽ നിശ്ചയിക്കപ്പെട്ട നിബന്ധനയനുസരിച്ച് അദ്ദേഹത്തോടു പ്രവർത്തിക്കേണ്ടതാണ്. എന്തോ പ്രശ്നമുണ്ടായി എന്ന കാര്യം ഇരു കക്ഷികളും മറന്നു കളയേണ്ടതാണ്; പ്രത്യേകിച്ച് ആർക്കാണോ അവകാശം കിട്ടേണ്ടത് അവർ. പിന്നീട് 'നിന്നോട് ഇങ്ങനെ ചെയ്തില്ലേ, നിനക്കെതിരിൽ നടപടി എടുത്തില്ലേ, നിന്നോട് അങ്ങനെ ചെയ്തില്ലേ' എന്നൊക്കെ പറഞ്ഞ് ഇടയ്ക്കിടെ ഓർമപ്പെടുത്തിക്കൊണ്ടിരിക്കാൻ പാടില്ല. അക്കാര്യം മറന്നു കളയുക. വിധിയനുസരിച്ച് പ്രവർത്തിക്കുന്നയാൾക്ക് സമൂഹത്തിൽ എല്ലാവർക്കുമുള്ള സ്ഥാനം നല്കേണ്ടതാണ്. ബലാൽക്കാരമായി അവകാശം പിടിച്ചെടുക്കപ്പെട്ടവരോട്, 'നിങ്ങൾക്ക് നിങ്ങളുടെ അവകാശം തിരിച്ചു കിട്ടിയിരിക്കുന്നു, അതുകൊണ്ട് പരസ്പരം സ്നേഹത്തോടുകൂടി ജീവിക്കുക, മനസ്സിൽ നിന്ന് വെറുപ്പ് നീക്കുക' എന്ന് പറയേണ്ടതാണ്. ഇപ്രകാരം സമൂഹം നീതിയുടെയും ന്യായത്തിന്റേയും കടമ നിർവഹിച്ചാൽ, അല്ലാഹുവും അത്തരക്കാരെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നു. അല്ലാഹു ആരെയെങ്കിലും സ്നേഹിക്കുകയാണെങ്കിൽ അതാണ് ഒരു സത്യവിശ്വാസിക്കു കിട്ടുന്ന ഏറ്റവും വലിയ വിജയം.

തുടർന്ന് അടുത്ത വചനത്തിൽ പറഞ്ഞത്, സത്യവിശ്വാസികൾ സഹോദരങ്ങളാണെന്നാണ്; അവർ സമൂഹത്തിൽ ഐക്യത്തോടും സത്യസന്ധതയോടുംകൂടി വസിക്കേണ്ടതാണ്. അഥവാ എന്തെങ്കിലും വെറുപ്പുണ്ടായാൽ തന്നെ യോജിപ്പുണ്ടാക്കാനുള്ള വഴി സ്വീകരിക്കുക. സമൂഹം മുഴുവനും, ജമാഅത്തിലെ ഓരോ വ്യക്തിയും പരസ്പരം അവകാശം സംരക്ഷിച്ച് കഴിയേണ്ടതാണ്. അവകാശം കൊടുപ്പിക്കേണ്ടതാണ്. ഇതാണ് അല്ലാഹുവിനോടുള്ള തഖ്വ. ഇതുമുഖേന ദൈവഭയം കൊണ്ട് സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നവർ എന്ന് പറയപ്പെടും. ഈ അവസ്ഥ നിങ്ങൾക്കു കിട്ടിയാൽ എപ്പോഴും തന്റെ ദാസരുടെ മേൽ കരുണ ചെയ്യണമെന്ന പ്രതീക്ഷയോടെയിരിക്കുന്ന ആ പ്രിയപ്പെട്ട അല്ലാഹു നിങ്ങളുടെ മേൽ കരുണ ചൊരിയുന്നതാണ്.

സമൂഹത്തിന്റെ പരിഷ്ക്കരണത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ചില ഹദീസുകളാണ് ഞാനിനി കേൾപിക്കുന്നത്.

നബി (സ) തിരുമേനി പറയുന്നത് താൻ കേട്ടിട്ടുണ്ടെന്ന് ഹസ്റത്ത് ഉമ്മുകുൽസും ബിൻത് ഉഖ്ബത്തിബ്നി അബീ മുഅയത്ത്(റ) നിവേദനം ചെയ്യുന്നു: 'ജനങ്ങളെ പരസ്പരം യോജിപ്പിക്കുക വഴി നന്മ വളർത്തുന്നവനോ നന്മ ഉപദേശിക്കുന്നവനോ നുണ പറയുന്നവനല്ല.' (ബുഖാരി, മുസ്ലിം)

അതായത് ജനങ്ങളെ പരസ്പരം യോജിപ്പിക്കുക എന്നുദ്ദേശ്യത്തോടെ നല്ലകാര്യങ്ങൾ എത്തിച്ചുകൊടുക്കുന്നവൻ നുണയനാകുകയില്ല. ചിലപ്പോൾ രണ്ടാളുകൾ തമ്മിലുള്ള ബന്ധം മോശമായിരിക്കും. എന്നാൽ ബന്ധം നല്ലതായിരിക്കുമ്പോൾ രണ്ടുപേരിലുമുള്ള നന്മകളും തിന്മകളും ദോഷങ്ങളും പരസ്പരം അറിയുന്നവരായിരിക്കും. ഈ രണ്ടുപേരുമായി ബന്ധമുള്ള മൂന്നാമൻ ആരിലെങ്കിലും നിന്ന് ഇവരുടെ നന്മകളെക്കുറിച്ച് കേട്ടിട്ടുണ്ടെങ്കിൽ ഇവർ രണ്ടുപേരെയും തമ്മിൽ യോജിപ്പിക്കുന്നതിനുവേണ്ടി ആ നല്ല കാര്യം അവരിലെത്തിക്കേണ്ടതാണ്. 'ഇന്നയാൾ നിങ്ങളെക്കുറിച്ച് ഇന്ന സമയത്ത് പറഞ്ഞതാണിത്. നിങ്ങളുടെ ഉള്ളിൽ ഇന്നയിന്ന സൽഗുണങ്ങളുണ്ട്, അയാൾ താങ്കളെ ബഹുമാനിക്കുന്നയാളാണ്, ഏതൊരു കാര്യത്തിലാ ണോ നിങ്ങൾ അയാളെ വെറുക്കുന്നത് അതു മറന്നു കളയുക, നിങ്ങൾ യോജിപ്പിലെത്തുക, ഇതെല്ലാം ചെറിയ കാര്യങ്ങളല്ലേ' എന്നൊക്കെ പറഞ്ഞ് അയാൾ ക്ക് കാര്യം മനസ്സിലാക്കിക്കൊടുക്കണം. പറഞ്ഞു, അത്തരം വ്യക്തി നുണയനെന്ന് പറയപ്പെടുകയില്ല. സത്യത്തിൽ ഇവർ രണ്ടുപേരും പരസ്പരം ദോഷം ചെയ്തിട്ടുണ്ടെന്ന് അയാൾക്കറിയാം. എന്നാൽ, യോജിപ്പിലെത്തിക്കാൻ ശ്രമിക്കേണ്ടതുകൊണ്ട് നല്ലകാര്യമെന്താണോ അതു മാത്രം അവിടെ പറയുക. ദോഷങ്ങൾ പറയേണ്ട കാര്യമില്ല. കുഴപ്പങ്ങളേയും വഴക്കുകളേയും ആളിപ്പടർത്തേണ്ട കാര്യമില്ല. എന്നാൽ, അത്തരം ഫിത്നയുണ്ടാക്കുന്നവരുമുണ്ട്. അനുഭവത്തിലൂടെ മനസ്സിലാ

ക്കാൻ കഴിയും. പരസ്പരം തമ്മിലടിപ്പിക്കുമ്പോൾ ചിലർക്ക് അതിൽ ആനന്ദം കിട്ടും. എങ്ങനെയവർ തമ്മിലടിക്കുന്നു എന്നു കാണാൻ അവർക്ക് രസമാണ്. ഒരാളിൽ നിന്ന് മറ്റൊരാളെക്കുറിച്ച് എന്തെങ്കിലും കേട്ടാൽ, കുറെക്കൂടി മുളകും മസാലയും ചേർത്ത് മറ്റെയാളോട് പറയുന്നു. അത്തരമാളുകൾ ഫിത്ന യുണ്ടാക്കുന്നവർ തന്നെയാണ്. അതിനോടൊപ്പം നുണയന്മാരുമാണ്. അതുകൊണ്ട് സമൂഹത്തിന്റെ പരിഷ്ക്കരണത്തിനായി എപ്പോഴും ഒരാൾ മറ്റൊരാളുടെ സൽക്കാര്യങ്ങൾ എത്തിച്ചുകൊടുക്കേണ്ടതാണ്. എപ്പോഴും നന്മ നിറഞ്ഞ അഭിപ്രായങ്ങൾ കൊടുക്കാനും പറഞ്ഞിരിക്കുന്നു. അതു ഐക്യമുണ്ടാകുന്നതും നന്മ നിലനിർത്തുന്നതുമായിരിക്കണം. നുണയനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്, ഒന്നാമത് അവന്റെ ദുആ സ്വീകരിക്കപ്പെടുകയില്ല. കൂടാതെ നിരവധി ശിക്ഷകളും പറഞ്ഞിട്ടുണ്ട്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) പറഞ്ഞു: 'സൂര്യൻ ഉദിച്ചു പൊങ്ങുന്ന ഓരോ ദിവസവും മനുഷ്യന്റെ സന്ധികളുടെ എണ്ണം കണക്കിൽ ധർമ്മം ചെയ്യാൻ അവൻ ബാധ്യസ്ഥനാണ്. രണ്ടാൾക്കിടയിൽ നീതി പാലിക്കൽ ധർമ്മമാണ് (സദഖയാണ്). തന്റെ വാഹനത്തിൽ കയറാൻ ഒരാളെ സഹായിക്കലും അവന്റെ യാത്രോപകരണങ്ങൾ അതിന്മേൽ എടുത്തുവെച്ച് കൊടുക്കലും ധർമ്മമാകുന്നു. നല്ലവാക്ക് സംസാരിക്കലും ഒരു ധർമ്മം തന്നെ. വഴിയിൽനിന്ന് ഉപദ്രവമുള്ള സാധനങ്ങൾ എടുത്തുമാറ്റൽ ഒരു ധർമ്മമാകുന്നു. നമസ്കരിക്കാൻ വേണ്ടി വയ്ക്കുന്ന ഓരോ ചുവടുപോലും ധർമ്മമാണ്.' (ബുഖാരി, മുസ്ലിം)

ഇവിടെ അല്ലാഹുവിനെ ആരാധിക്കാൻവേണ്ടി പോകുന്നവന്റെ സ്ഥാനമാണ് നല്ലകാര്യങ്ങൾ പറയുന്നവനും നന്മയുടെ വാക്കുകൾ പറയുന്നവനും യോജിപ്പുണ്ടാക്കുന്നവനും കൊടുത്തിട്ടുള്ളത്. അല്ലാഹുവിന്റെ ദാസരെ സേവിക്കുന്നവരുടെയും അവരോടുള്ള കടമകൾ നിറവേറ്റുന്നവരുടെയും പ്രതിഫലം ഇബാദത്തു ചെയ്യുന്നവന്റെ പ്രതിഫലത്തിനു തുല്യമാണെന്നും മനസ്സിലായി. നമസ്കരിക്കുന്നവന് കിട്ടുന്നത്ര പ്രതിഫലം അവർക്കും കിട്ടുന്നതാണ്. അതായത് ഈ രണ്ടുകാര്യങ്ങളും - അത് മുമ്പേ പറഞ്ഞുവന്നിട്ടുള്ളതാണ്, എല്ലാവർക്കും അറിയുന്നതാണ് - അതായത് അല്ലാഹുവിനോടുള്ള കടമകളും സമസൃഷ്ടികളോടുള്ള കടമകളും ഒപ്പത്തിനൊപ്പം നടന്നുവരുന്നു. പിന്നീട് ഇതു സദഖയാണ്, ധർമ്മമാണ് എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് തീർച്ചയായും സദഖയുടെ പ്രതിഫലം ഇതിനുണ്ടാകും. മറ്റൊരു നിവേദനത്തിൽ, സദഖയുടെ അഥവാ ധർമ്മത്തിന്റെ പ്രതിഫലം എഴുന്നൂറു ഇരട്ടിവരെയാകുമെന്ന് പറഞ്ഞിട്ടുണ്ട്. ഇതാണ്, നന്മയുടെ കാര്യങ്ങൾ പറയുന്നവന്റെയും, യോജിപ്പുണ്ടാക്കുന്നവന്റെയും സ്ഥാനം.

ഹസ്റത്ത് അബൂഅബ്ബാസ് സഹ്ലിബ്നു സഅ്ദ് (റ) വിൽ നിന്നു നിവേദനം. നിശ്ചയം, അംറു ബിൻ ഔഫ് ഗോത്രക്കാർക്കിടയിൽ എന്തോ വഴക്കുള്ളതായി ഒരിക്കൽ നബി (സ)ക്ക് വിവരം ലഭിച്ചു. അവരുടെ വഴക്ക് സന്ധിയാക്കാൻ കുറെ ആളുകളുമൊന്നിച്ച് നബി (സ) പുറപ്പെട്ടു. അവിടെ കുറച്ചു സമയം അവർക്ക് കഴിച്ചുകൂട്ടേണ്ടി വന്നു. നമസ്കാര സമയമായപ്പോൾ, ബിലാൽ (റ) അബൂബക്കർ (റ) ന്റെ അടുക്കൽ ചെന്നുകൊണ്ട് പറഞ്ഞു. 'അബൂബക്കറേ! റസൂൽ (സ)ന് കുറച്ചുസമയം അവിടെ ചെലവഴിക്കേണ്ടി വന്നിരിക്കുന്നു. നമസ്കരിക്കാനാണെങ്കിൽ സമയമായി. താങ്കൾക്ക് ഇമാമത്ത് നിന്നുകൂടെ?' നിങ്ങൾ അങ്ങനെ ഉദ്ദേശിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യാമെന്ന് അബൂബകർ(റ) മറുപടി പറഞ്ഞു. (ബുഖാരി മുസ്ലിം)

ഈ ഹദീസിൽ പറഞ്ഞിരിക്കുന്ന മുഖ്യമായ വിഷയം നബി(സ) തിരുമേനി, കുറച്ചുസമയം അവിടെ നിന്നിട്ട് അവരെ യോജിപ്പിലാക്കുന്നതിന് മുൻഗണന നൽകി എന്നതാണ്. ജമാഅത്തായിട്ടുള്ള നമസ്കാരം പിന്നീട് നമസ്കരിക്കാമെന്ന് നിശ്ചയിക്കുകയും ചെയ്തു. അപ്പോൾ നമസ്കാരസമയമായിരുന്നുവെന്ന് വ്യക്തമാണ്. അതുകൊണ്ടാണ് നബി(സ) കുറച്ചാളുകൾ പിന്നീട് നമസ്കരിച്ചുകൊള്ളുമെന്ന് പറഞ്ഞത്. പക്ഷെ ആസമയത്ത് വഴക്കിടുന്ന മുസ്ലിംകൾക്കിടയിൽ യോജിപ്പുണ്ടാക്കുന്നതിനാണ് മുൻഗണന. ലഹളകളിലും വഴക്കുകളിലും ഒരുപാട് ഒരുപാട് മാസങ്ങൾ എന്നല്ല വർഷങ്ങളോളം വെറുപ്പ് വെച്ച് നടക്കാറുണ്ട്. എന്നാൽ ഒരു സത്യവിശാസി യോടുള്ള കല്പന അവരെ തമ്മിൽ യോജിപ്പിക്കാൻ പെട്ടെന്ന് ശ്രമിക്കണമെന്നാണ്.

നബി(സ) പറഞ്ഞു"സത്യവിശാസികൾ തമ്മിൽ മൂന്നു ദിവസത്തിൽ കൂടുതൽ പിണങ്ങി നിൽക്കൽ അനുവദനീയമല്ല." (തിർമിദി) അതായത് സംസാരിക്കാതിരിക്കൽ.

ചിലപ്പോൾ ചില കാര്യങ്ങൾ കേട്ട് അത്ഭുതപ്പെട്ടുപോകാറുണ്ട്. അടുത്ത ബന്ധുക്കൾ ചിലപ്പോൾ ചിലകാരണങ്ങളാൽ മാസങ്ങളോളം പരസ്പരം മിണ്ടാതിരിക്കും. വളരെ നിസ്സാരമായ കാര്യത്തിനു വേണ്ടിയായിരിക്കും വെറുപ്പും വഴക്കും ഉണ്ടായിട്ടുള്ളത്. അത്തരമാളുകൾ നബി(സ) തിരുമേനിയുടെ ഈ നിർദ്ദേശം മുന്നിൽ വയ്ക്കേണ്ടതാണ്. ഒന്നാമതായി പറയാനുള്ളത് വഴക്കിടാനേ പാടില്ല എന്നാണ്. ഇനി അഥവാ വഴക്കുണ്ടായാൽതന്നെ മൂന്നുദിവസത്തിലേറെ പിണങ്ങി നിൽക്കാൻ ഒരു സത്യവിശ്വാസിക്ക് അനുവാദമില്ല.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു.നബി (സ) തിരുമേനി പറഞ്ഞു: അല്ലാഹുവിന്റെ പക്കൽ ജനങ്ങളിൽ ഏറ്റവും അധികം വെറുക്കപ്പെട്ടവൻ ഏറ്റ

വുമധികം വഴക്കുണ്ടാക്കുന്നവനാണ്. അതായത് അവനെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ഓരോ അഹ്മദിയും തഖ്‌വ സ്വായത്തമാക്കേണ്ടതാണ്. അല്ലാഹുവിന് ഇഷ്ടപ്പെട്ടവനായിത്തീരാൻ ശ്രമിക്കേണ്ടതാണ്. പരസ്പരമുള്ള വഴക്കുകളും കലഹങ്ങളും കുഴപ്പങ്ങളും അവസാനിപ്പിക്കേണ്ടതാണ്. ഒരുഭാഗത്ത് വിശ്വാസിയാണെന്ന് വാദിക്കുകയും മറുഭാഗത്ത് തന്റെ സഹോദരന്റെ പാപം പൊറുത്തു കൊടുക്കാതിരിക്കുകയും ചെയ്യുക എന്നത് ഒരു സത്യവിശ്വാസിക്ക് ചേർന്നതല്ല. അവന്റെ തെറ്റുകൾക്ക് മാപ്പുകൊടുക്കാതിരിക്കുക എന്നത് ഒരു സത്യവിശ്വാസിക്ക് യോജിച്ചതല്ല. കാരണം അത്തരമാളുകൾ അല്ലാഹുവിന് വെറുക്കപ്പെട്ടവരാണെന്ന് പറഞ്ഞിരിക്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബന്ധമായി നമ്മളിൽ നിന്നെന്താണ് ആഗ്രഹിക്കുന്നത്? അവിടന്ന് ആഗ്രഹിക്കുന്നത് അല്ലാഹു ആഗ്രഹിക്കുന്നതാണ്. പറയുന്നു: അവൻ നിങ്ങളിൽ നിന്ന് ഒരു മരണം ആഗ്രഹിക്കുന്നു. അതിനു ശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്. നിങ്ങൾ പരസ്പരം പെട്ടെന്ന് യോജിപ്പിലാവുക. നിങ്ങളുടെ സഹോദരന്മാരുടെ പാപം പെറുത്തുകൊടുക്കുക. കാരണം തന്റെ സഹോദരനോട് യോജിപ്പിലാകാനാഗ്രഹിക്കാത്തവൻ ദ്രോഹിയാണ്. അവൻ മുറിക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു.

ചെറിയ ചെറിയ കാര്യങ്ങളിൽ ഉണ്ടാകുന്ന വെറുപ്പുകളെയും വഴക്കുകളെയും എത്രയും വേഗം അവസാനിപ്പിക്കുന്നവരാകാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ഓരോരുത്തരും യോജിപ്പിലേക്ക് കുതിക്കുന്നവരായി തീരുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുള്ള ഇക്കാര്യം കഠിനമായ താക്കീതാണ്, അവൻ മുറിക്കപ്പെടും. ഒരഹ്മദിയും ഒരിക്കലും മുറിക്കപ്പെടാതിരിക്കാൻ അല്ലാഹു സഹായിക്കുമാറാകട്ടെ. അതുകൊണ്ട് ഇസ്തിഗ്ഫാർ ചെയ്യുക. ഓരോ അഹ്മദിയും അധികമധികമായി ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. ഈ ദുആയും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن
لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ الْوَهَّابُ

(3:9)

"ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ. നീ ഞങ്ങൾക്ക് നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹ ദാതാവ്."

വീണ്ടും അവിടന്ന് പറയുന്നു: ഞാൻ യോജിപ്പിനെ ഇഷ്ടപ്പെടുന്നു. യോജിപ്പിലായി കഴിഞ്ഞാൽ അവനെന്താണ് പറഞ്ഞത്, എന്താണ് ചെയ്തത് എന്ന കാര്യം പറയാനേ പാടില്ല. (അതായത് ആരെങ്കിലുമായി വഴക്കുണ്ടായതിനുശേഷം യോജിപ്പിലെത്തിക്കഴിഞ്ഞാൽ പിന്നീട് അവനെന്താണ് പറഞ്ഞത് അല്ലെങ്കിൽ എന്താണ് ചെയ്തത് എന്നതിനെക്കുറിച്ച് വീണ്ടും ചർച്ച ചെയ്യാൻ പാടില്ല.) ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു. ഒരാളെന്നെ ആയിരക്കണക്കിനു പ്രാവശ്യം ദജ്ജാലെന്നും പെരുങ്കള്ളനെന്നും പറഞ്ഞാലും എനിക്കെതിരിൽ എല്ലാവിധത്തിലും പരിശ്രമിച്ചിരുന്നാലും അയാൾ ഐക്യപ്പെടാനാഗ്രഹിക്കുന്നെങ്കിൽ, അവനെന്താണ് എന്നെപറഞ്ഞത് എന്നോട് ചെയ്തത് എന്നതിനെ സംബന്ധിച്ച് എന്റെ മനസ്സിൽ വിചാരമേ ഉണ്ടാകുകയില്ല. എന്നാൽ അല്ലാഹുവിന്റെ അഭിമാനത്തെ കൈവിട്ടുകളയരുത്. താൻ മുഖേന മറ്റൊരാൾക്ക് പ്രയോജനമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവൻ വിരോധിയാകാൻ പാടില്ല. അവൻ വിരോധിയാകുകയാണെങ്കിൽ മറ്റുള്ളവർക്ക് അവനെകൊണ്ട് എന്തു പ്രയോജനമുണ്ടാകാനാണ്? അവന്റെ ഇച്ഛയ്ക്കും ധാരണയ്ക്കും വിരുദ്ധമായി ഒരു കാര്യമുണ്ടായപ്പോൾ അവൻ പ്രതികാരം വീട്ടാൻ തുനിഞ്ഞിറങ്ങി. ആയിരക്കണക്കിന് ആയുധങ്ങൾകൊണ്ട് മർദിക്കുകയാണെങ്കിൽ തന്നെ അവനത് ഗൗനിക്കാൻ പാടില്ല. പറഞ്ഞു: എന്റെ ഉപദേശമിതാണ്. രണ്ടുകാര്യങ്ങൾ ഓർമ്മവയ്ക്കുക. ഒന്ന്, അല്ലാഹുവിനെ ഭയപ്പെടുക. രണ്ട്, സ്വന്തം ആത്മാവിനോട് കാണിക്കുന്നതു പോലെ മറ്റുള്ളവരോട് സഹതാപം കാണിക്കുക. ആരിൽ നിന്നെങ്കിലും തെറ്റോ കുറ്റമോ ഉണ്ടായാൽ അവന് പൊറുത്തുകൊടുക്കേണ്ടതാണ്. അല്ലാതെ കൂടുതൽ വിഷമിപ്പിക്കുകയല്ല വേണ്ടത്. വെറുപ്പ് പുലർത്തിക്കൊണ്ടിരിക്കുകയല്ല വേണ്ടത്. മനസ്സിലെ വെറുപ്പ് അകലാത്തതുകൊണ്ടാണ് ഒരുപാട് ലഹളകൾ ഉണ്ടാകുന്നത്. അതുകൊണ്ട് യോജിപ്പിലാകേണ്ട ആവശ്യമുണ്ട്. ഹൃദയം ശുദ്ധമാക്കേണ്ട ആവശ്യമുണ്ട്. അതിനാൽ ഓരോരുത്തരും വിദ്വേഷത്തിൽ നിന്ന് ശുദ്ധരാവേണ്ടതാണ്. പറഞ്ഞു: ഇതു സാധ്യമാകുന്നത് നിങ്ങൾ നിങ്ങളോടു കാണിക്കുന്ന സഹതാപം നിങ്ങളുടെ സഹോദരനോടു കാണിക്കുമ്പോഴാണ്. സ്വന്തം അവകാശങ്ങൾ വാങ്ങുന്നതിനുവേണ്ടി ചിന്തിക്കുന്നതുപോലെ അവന്റെ അവകാശങ്ങൾക്കു വേണ്ടിയും ചിന്തിക്കുക. ഇങ്ങനെയുള്ള പരിശുദ്ധമായ സമൂഹം നിലവിൽ വരുമ്പോൾ എല്ലാ കലഹങ്ങളും അവസാനിക്കും. രഞ്ജിപ്പിനുള്ള അടിത്തറ വീഴുകയും ചെയ്യും. എന്നുമാത്രമല്ല പിന്നെ ഐക്യമേ ഉണ്ടാകുകയുള്ളു.

വീണ്ടും അവിടന്ന് പറയുന്നു: പരസ്പരം യോജിപ്പിലെത്തിച്ചേരുക. യോജിപ്പിലാണ് നന്മനിലകൊള്ളുന്നത്. അവർ യോജിപ്പിനു തയ്യാറായാൽ നിങ്ങളും തയ്യാറാകുക. അല്ലാഹുവിന്റെ സത്യദാസന്മാർ യോജിപ്പോടുകൂടി ഭൂമിയിൽ നടക്കുന്നു.

എന്തെങ്കിലും വ്യർത്ഥഭാഷണം ആരിൽ നിന്നെങ്കിലും കേൾക്കുകയോ, അല്ലെങ്കിൽ യുദ്ധത്തിന്റെ കേസോ വഴക്കോ സംബന്ധിച്ച് പ്രസ്താവന ഉണ്ടാകുകയോ ചെയ്താൽ മാന്യമായ രീതിയിൽ അവിടെ നിന്ന് അവർ മാറിപ്പോകുന്നതാണ്. അതായത് അന്തസ്സോടെ സലാം പറഞ്ഞുകൊണ്ട് അവിടെന്ന് പോയിക്കളയുന്നതാണ്. ചെറിയ ചെറിയ കാര്യങ്ങളിൽ വഴക്കിനിറങ്ങി പുറപ്പെടുകയില്ല. അതായത് അസഹ്യമായ ബുദ്ധിമുട്ടുണ്ടാകുന്നതു വരെ പ്രതിരോധിക്കുന്നത് നല്ലതായി അവർ മനസ്സിലാക്കുകയില്ല. യോജിപ്പിലെത്താനുള്ള നിയമം ഇതുതന്നെയാണ്. അതായത് ചെറിയ ചെറിയ കാര്യങ്ങളെ മുഖവിലക്കെടുക്കാതിരിക്കുക. അതിന് മാപ്പു കൊടുക്കുക. അത്തരം നിരർത്ഥകമായ പീഢനകൾ അവഗണിച്ചുകളയുക എന്നത് ഐക്യത്തിന്റെ അടയാളമാണ്.

ഞാൻ ഖുത്ബകളിൽ മുമ്പേയും പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഇവിടെ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നു. വ്യർത്ഥമായ കാര്യങ്ങളിൽ നിന്ന് പിന്മാറുകയാണെങ്കിൽ ഐക്യത്തിന്റെ, രഞ്ജിപ്പിന്റെ അടിത്തറ വീഴുന്നതാണ്. കാരണം ഈ വ്യർത്ഥമായ കാര്യങ്ങളാണ് ഐക്യത്തിൽ നിന്ന് അകറ്റിക്കൊണ്ട് പോകുന്നത്. വഴക്കുകളുമായി അടുപ്പിക്കുന്നത്.

വീണ്ടും അവിടന്ന് പറയുന്നു: "സ്വഭാവങ്ങളിൽ നിന്ന് തിന്മ ഉപേക്ഷിക്കുന്നതിനുള്ള മൂന്നാമത്തെ രീതിയ്ക്ക് അറബിയിൽ ഉദ്നാ, ഔൻ എന്നുപറയുന്നു. അതായത് അക്രമത്തിന്റെ വഴിയിലൂടെ മറ്റുള്ളവർക്ക് ശാരീരികമായ മുറിവ് ഏൽപ്പിക്കാതിരിക്കുക. നിരുപദ്രവകാരിയായ മനുഷ്യനായിത്തീരുക. ഐക്യത്തോടുകൂടി ജീവിക്കുക. യോജിപ്പ് എന്നത് ഉന്നതമായ സ്വഭാവഗുണമാണെന്നതിന് സംശയമില്ല. അത് മനുഷ്യത്വത്തിന് അത്യന്താപേക്ഷിതമാണ്. ഈ സ്വഭാവത്തിന് ചേർന്ന അവസ്ഥ, സ്വാഭാവികമായ ശക്തി കുട്ടികളിലുണ്ട് ഇതിന്റെ ക്രമപ്പെടുത്തലിലൂടെ ഈ സ്വഭാവം ഉണ്ടാകുന്നു. മൈത്രിയുണ്ടാകുന്നു.

അതായത് കുട്ടികളിൽ ഈ സവിശേഷ ഗുണമുണ്ട്. നിങ്ങൾ കുട്ടികളെ നോക്കുക. അവർ തമ്മിൽ തല്ലുകൂടും. പെട്ടെന്ന് യോജിപ്പിലെത്തുകയും ചെയ്യും. അവരുടെ മനസ്സിൽ വൈരാഗ്യമുണ്ടാകുകയില്ല. ഇത് നിങ്ങൾ ഒരുക്കിയെടുക്കുമ്പോൾ കൂടുതൽ നന്നാകുകയും മിനുസമാകുകയും, ഈ ശീലത്തെ കൂടുതൽ നന്നാക്കിത്തീർക്കുകയും ഈ ശീലത്തെ പ്രബലപ്പെടുത്തുകയും അതിന്റെ ശീലരായി കഴിയുകയും ചെയ്യുമ്പോൾ ഉൽകൃഷ്ട സ്വഭാവമായി ത്തീരുന്നതാണ്."

പറഞ്ഞു: മനുഷ്യൻ പ്രകൃതിപരമായ അവസ്ഥയിൽ അതായത് ബുദ്ധി ഉപയോഗിച്ച് യുക്തിവിചാരത്തോടെ സൽകൃത്യങ്ങൾ ചെയ്യാതിരിക്കുന്ന അവസ്ഥയിൽ മൈത്രി എന്ന വിഷയത്തെക്കുറിച്ച് മനസ്സിലാക്കുകയില്ല എന്നത് പ്രകടമാണ്. കലഹങ്ങളുടേയും വഴക്കുകളുടേയും ശീലത്തിന്റെ പൊരുളും അവനറിയുകയില്ല. ആ നേരത്ത് ഒരു അനുസരണ ശീലം അവനിലുണ്ടാകുന്നു. അതാണ് മൈത്രിയുടെ ശീലത്തിന്റെ വേര്. എന്നാൽ ഇത് ബുദ്ധി ഉപയോഗിച്ച് യുക്തിവിചാരത്തോടെയല്ല അവൻ ചെയ്യുന്നത്. അതുകൊണ്ട് ഉന്നതമായ ധാർമ്മികഗുണത്തിൽ അത് പെടുകയില്ല. മനുഷ്യൻ ഉറച്ച തീരുമാനത്തോടെ തന്നത്താൻ നിരുപദ്രവമാക്കിക്കൊണ്ട് മൈത്രി എന്ന സ്വഭാവഗുണത്തെ അവസരത്തിനൊത്ത് പ്രയോഗിക്കുമ്പോഴാണ് അത് ഉൽകൃഷ്ടമായ ധാർമ്മികഗുണത്തിൽ പെടുന്നത്. അനവസരത്തിൽ ഉപയോഗിക്കുന്നതിൽ നിന്ന് പിന്മാറുകയും വേണം. ഇതിൽ പ്രതാപവാനായ അല്ലാഹു പാഠം നൽകുന്നു. '*വ അസ്‌ലിഹൂ ദാത്ത ബയ്നിക്കും*' (8:2) '*വസ്സുൽഹു ഖയ്റുൻ*' (4:129) '*വഇൻ ജനഹൂ ലിസ്സൽമി ഫജ്നഹ് ലഹാ*' (8:62) '*വ ഇബാദുർറഹ്മാനില്ലദീന യംശൂന അലൽ അർളി ഹൗനാ*' (25:64) '*വഇദാ മർറു ബില്ലഗ്‌വി മർറു കിറാമാ*' (25:73) '*ഇദ് ഫഅ് ബില്ലത്തി ഹിയ അഹ്സനു ഫഇദല്ലദീ ബയ്നക്ക വ ബയ്നഹു അദാവത്തുൻ കഅന്നഹു വലിയ്യുൻ ഹമീം*'(41:35) നിങ്ങളുടെ പരസ്പരബന്ധങ്ങൾ നന്നാക്കിത്തീർക്കുക. രഞ്ജിപ്പിലാണ് നന്മയുള്ളത്, അവർ സമാധാനത്തിലേക്ക് ചായുന്നെങ്കിൽ നീയും അതിലേക്ക് ചായുക, പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്, യുദ്ധത്തിന്റേയും കേസ്സിന്റേയും വഴക്കിന്റേയും പ്രസ്താവന ആരിലെങ്കിലും നിന്ന് കേട്ടാൽ അവർ മാന്യന്മാരായി കടന്നുപോകുന്നതാണ്. ചെറിയ ചെറിയ കാര്യങ്ങളിൽ വഴക്കുകൂടുകയില്ല. അതായത് കൂടുതൽ ബുദ്ധിമുട്ടുണ്ടാകുന്നതുവരെ പ്രതിരോധിക്കുന്നതിനെ നല്ലതായി കാണുകയില്ല. മൈത്രിയുടെ ഇറക്കസ്ഥലം തിരിച്ചറിയുന്നതിനുള്ള നിയമം ഇതുതന്നെയാണ്. അതായത് ചെറിയ ചെറിയ കാര്യങ്ങളെ കാര്യമാക്കാതിരിക്കുക. മാപ്പുകൊടുക്കുക. ഒരാൾ ഉപദ്രവിക്കുക എന്ന ഉദ്ദേശ്യത്തോടെ പുലമ്പുകയും വേദനിപ്പിക്കുന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുകയും-അതുകൊണ്ട് വാസ്തവത്തിൽ ഇതരന് ഒന്നും സംഭവിക്കുകയില്ല-ചെയ്താൽ അതിനാണ് ഈ വചനത്തിൽ വന്നിരിക്കുന്ന 'ലഗ്‌വ്' എന്നപദം ഭാഷയിൽ പറയുന്നത്. അതായത് വെറുതേ പുലമ്പുകയാണ്. അത്തരം വ്യർത്ഥമായ ഉപദ്രവങ്ങളെ അവഗണിക്കുന്നത് മൈത്രിയുടെ ലക്ഷണമാണ്. അത്തരം കാര്യങ്ങൾ കണ്ടില്ലെന്നുകരുതി വിട്ടുകളയുക. അതായത് നഷ്ടമൊന്നും ഉണ്ടാക്കാത്ത അത്തരം കാര്യങ്ങൾ വിട്ടുകളയേണ്ടതാണ്. മാപ്പുകൊടുക്കേണ്ടതാണ്. മാന്യമായ രീതിയിൽ അതിനെ കൈകാര്യം ചെയ്യേണ്ടതാണ്.

പിന്നീട് അവിടന്ന്

പറ ഞ്ഞു: ഈ ജമാഅത്തിനെ തയ്യാറാക്കിയതിന്റെ പിന്നിലുള്ള ഉദ്ദേശ്യമിതാണ്. നാവ്, കണ്ണ്, ചെവി തുടങ്ങിയ എല്ലാ അവയവങ്ങളി ലും തഖ്‌വ പ്രവഹിക്കണം. തഖ്‌വയുടെ പ്രകാശം അതിന്റെ ഉള്ളിലും പുറത്തും ഉണ്ടാകണം. ഉൽകൃ ഷ്ട ഗുണങ്ങളുടെ ഉന്നതമായ മാതൃകയുണ്ടാകണം. അനാവശ്യമായ ദ്വേഷ്യം, കോപം തുടങ്ങിയവ ഒ ട്ടും ഉണ്ടാകാൻ പാടില്ല. ജമാഅത്തുകളിലെ അധികമാളുകളിലും കോപം എന്ന ന്യൂനത ഇപ്പോഴും ഉള്ളതായി ഞാൻ കാണുന്നു. ചെറിയ ചെറിയ കാര്യങ്ങളിൽ വെറുപ്പും വിദ്വേഷവും ഉണ്ടാകുന്നു തമ്മിലടിക്കാൻ തുടങ്ങുന്നു. അത്തരമാളുകൾക്ക് ജമാഅത്തിൽ നിന്ന് ഒരു ഓഹരിയും ലഭിക്കുകയില്ല. ആരെങ്കിലും ചീത്ത വിളിച്ചാൽ ഇതരൻ അവനു മറുപടി പറയാതെ മൗനം പാലിക്കുന്നതുകൊണ്ട് എന്തു നഷ്ടമുണ്ടാകുന്നുവെന്ന് എനിക്കറിയില്ല. ഓരോ ജമാഅത്തിന്റേയും സംസ്ക്കരണം ഒന്നാമതായി സ്വഭാവത്തിൽ നിന്നാണ് തുടങ്ങുന്നത്. തുടക്കത്തിൽ ക്ഷമകൊണ്ട് സ്വഭാവത്തിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. അതിനുള്ള ഏറ്റവും ഉന്നതമായ രീതി ആരെങ്കിലും ചീത്തവിളിച്ചാൽ അവനുവേണ്ടി വേദന നിറഞ്ഞ ഹൃദയത്തോടെ പ്രാർത്ഥിക്കുക; അല്ലാഹു അവനെ നന്നാക്കിത്തീർക്കുന്നതിനുവേണ്ടി. വെറുപ്പ് ഒരിക്കലും മനസ്സിൽ വളർത്തരുത്. ഈ ലോകത്തിന് നിയമമുള്ളതുപോലെ അല്ലാഹുവിനും നിയമമുണ്ട്. ലോകം അതിന്റെ നിയമം ഉപേക്ഷിക്കാൻ തയ്യാറാകാത്തപ്പോൾ അല്ലാഹു തന്റെ നിയമം എങ്ങനെ ഉപേക്ഷിക്കാനാണ്? അതുകൊണ്ട് മാറ്റം ഉണ്ടാകാത്തിടത്തോളം നിങ്ങൾക്ക് അവന്റെ സന്നിധിയിൽ ഒരു വിലയുമില്ല. സൗമ്യത, ക്ഷമ, മാപ്പുകൊടുക്കൽ തുടങ്ങിയ നല്ല ഗുണങ്ങളുടെ സ്ഥാനത്ത് മൃഗീയത വരുന്നത് അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നുമില്ല. നിങ്ങൾ ഈ ഉൽകൃഷ്ട ഗുണങ്ങളിൽ അഭിവൃദ്ധിപ്പെട്ടാൽ എത്രയും വേഗം അല്ലാഹുവിനോളം എത്തുന്നതാണ്.

അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) നമ്മളിൽ നിന്ന് പ്രതീക്ഷിക്കുന്ന ഈ നിലവാരത്തിൽ പൂർണ്ണമായും എത്തിച്ചേരുന്നുണ്ടോ എന്ന് ഓരോരുത്തരും ആത്മ പരിശോധന നടത്തേണ്ടതാണ്. മറ്റവൻ തന്നെ സംസ്കരിച്ചെടുക്കട്ടെ എന്നു കരുതുകയും സ്വയം തന്നിലേക്ക് നോക്കാതിരിക്കുകയുമല്ല വേണ്ടത്.

വീണ്ടും അവിടന്ന് പറയുന്നു: എന്റെ സൈന്യത്തിൽ പെട്ടവർ ഇത്തരം വിചാരങ്ങളിൽ നിന്ന് പിന്നോട്ടു പോകാൻ ഞാൻ കല്പിക്കുകയാണ്. ഹൃദയം ശുദ്ധമാക്കുക. മാനുഷികമായ ദയയെ അഭിവൃദ്ധിപ്പെടുത്തുക. വേദനിക്കുന്നവരോട് സഹതാപം കാണിക്കുക. ഭൂമിയിൽ മൈത്രി പരത്തുക. ഇതു മുഖേന അവരുടെ മതം പരക്കുന്നതാണ്. അതെങ്ങനെ ഉണ്ടാകുമെന്നോർത്ത് അത്ഭുതപ്പെടേണ്ട. അല്ലാഹു തആല നിസ്സാരമായ ഉപകരണങ്ങൾ പോലും കൂടാതെ ഭൗതീകാവശ്യങ്ങൾക്കുവേണ്ടി വർത്തമാനകാലത്ത് പുതിയ കണ്ടുപിടുത്തങ്ങളിൽ ഭൂമിയിലെ മൂലകണങ്ങളേയും എല്ലാ വസ്തുക്കളേയും കൊണ്ട് പ്രവൃത്തി എടുപ്പിക്കുകയും, തീവണ്ടിയെ കുതിരകളേക്കാൾ വേഗത്തിൽ ഓടിച്ചുകാണിക്കുകയും ചെയ്തതുപോലെ ഇപ്പോൾ അവൻ ആത്മീയ ആവശ്യങ്ങൾക്കുവേണ്ടി മാനുഷിക കൈകളുടെ പ്രവർത്തനം കൂടാതെ ആകാശത്തിലെ മലക്കുകളെ കൊണ്ട് പ്രവൃത്തി എടുപ്പിക്കുന്നതാണ്. വലിയ വലിയ ദൈവീകാടയാളങ്ങൾ വെളിപ്പെടും. ഒരുപാട് തിളക്കമുണ്ടാകും. അതുമുഖേന ഒരു പാട് കണ്ണുകൾ തുറക്കുന്നതാണ്. അപ്പോൾ അല്ലാഹുവിനെ കൂടാതെ മറ്റുള്ളവയെ ദൈവമാക്കിവെച്ചത് തെറ്റായിരുന്നുവെന്ന് അവസാനം ആളുകൾക്ക് മനസ്സിലാകും.

അതുകൊണ്ട് നിങ്ങൾ ക്ഷമയോടെ നോക്കിക്കൊണ്ടിരിക്കുക. കാരണം അല്ലാഹു തന്റെ തൗഹീദിൽ കൂടുതൽ രക്ഷാധികാരമുള്ളവനാണ്. നിങ്ങൾ ദുആ ചെയ്തുകൊണ്ടിരിക്കുക; നന്ദികെട്ടവരിൽ എഴുതപ്പെടാതിരിക്കാൻ.

സത്യത്തിനുവേണ്ടി വിശക്കുന്നവരേ!, ദാഹിക്കുന്നവരേ! നിങ്ങൾ കേട്ടുകൊള്ളുക. ആദ്യം മുതലേ വാഗ്ദാനം ചെയ്യപ്പെട്ട ആ നാളുകളാണിത്. അല്ലാഹു തആല ഈ കഥകളെ ഇനി അധികം ദീർഘിപ്പിക്കുകയില്ല. ഒരു ഉയരമുള്ള മിനാരത്തിൻ മേൽ വിളക്കുവെച്ചാൽ അതിന്റെ പ്രകാശം ദൂരെവരെ എത്തുന്നതു നിങ്ങൾ കാണുന്നതുപോലെ, ആകാശത്തിന്റെ ഒരുഭാഗത്ത് മിന്നെറിയുമ്പോൾ ആകാശം മുഴുവൻ പ്രകാശിക്കുന്നതുപോലെ ഈ നാളുകളിലുമുണ്ടാകുന്നതാണ്.

അതുകൊണ്ട് നമ്മളെല്ലാവരും ഉപദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരേണ്ടതാണ്. ഈ വഴക്കുകളും കലഹങ്ങളും കുഴപ്പങ്ങളും അതു വ്യക്തിപരമാകട്ടെ, സംഘടിതമാവട്ടെ, ദേശീയമാവട്ടെ അതിന്റെ അടിസ്ഥാന കാരണം അല്ലാഹുവിനെ വിട്ടുകൊണ്ട് ലോകത്തെ ഭൗതീകവസ്തുക്കളെ ദൈവമാക്കിയിരിക്കുന്നു എന്നതുകൊണ്ടാണ്.

ലോകത്ത് മൈത്രീബന്ധം സ്ഥാപിക്കുന്നതിനും പരസ്പരം സമാധാനം നടപ്പിൽ വരുത്തുന്നതിനും വേണ്ടി ഈ ഭൗതീക ദൈവങ്ങളെ വിപാടനം ചെയ്യാൻ ഇന്ന് ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടിവരും. പ്രതിജ്ഞ എടുക്കേണ്ടി വരും. ഇതിലാണ് നമ്മുടെ അനശ്വരത. ഇതിലാണ് നമ്മുടെ ജീവിതം. അതുകൊണ്ട് അല്ലാഹു നമ്മെ ദുആ പഠിപ്പിച്ചു. അതിനെക്കുറിച്ച് ഞാൻ മുമ്പേ പറഞ്ഞുവന്നതാണ്. സന്മാർഗം കിട്ടിയതിനുശേഷം നമ്മുടെ ഹൃദയം തെറ്റിപ്പോകാതിരിക്കാൻ പ്രാർത്ഥിക്കുക. ഇതും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രമേ ലഭിക്കുകയുള്ളു. അല്ലാഹുവിനോട് അനുഗ്രഹം തേടിക്കൊണ്ടിരിക്കുക. അവനോട് കരുണ തേടിക്കൊണ്ടിരിക്കുക. അവന്റെ കല്പനയനുസരിച്ച്

പ്രവർത്തിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുക. എന്നിട്ട് അവൻ പറഞ്ഞതുപോലെ, അല്ലാഹുവിന്റെ വിധി പ്രതീക്ഷിച്ചുകൊണ്ടിരിക്കുക. എങ്ങനെയാണ് അല്ലാഹു വരുന്നതെന്ന് നോക്കികാണുക.

അവിടന്ന് ഉപദേശിച്ചുകൊണ്ട് പറഞ്ഞു: എഴുന്നേൽക്കുക, തൗബ ചെയ്യുക. നിങ്ങളുടെ ഉടമസ്ഥനെ സൽക്കാര്യങ്ങൾ കൊണ്ട് തൃപ്തിപ്പെടുത്തുക. ഓർമിക്കുക, വിശ്വാസപരമായ തെറ്റുകൾക്കുള്ള ശിക്ഷ മരണത്തിനു ശേഷമാണ്. ഹിന്ദുവാണോ, ക്രിസ്ത്യാനിയാണോ, മുസ്ലിമാണോ എന്നവിധി പുനരുത്ഥാനനാളിലായിരിക്കും. എന്നാൽ അക്രമത്തിലും അഹങ്കാരത്തിലും കുഴപ്പങ്ങളിലും കലഹങ്ങളിലും അതിരു ലംഘിക്കുന്നവന് ഈ ലോകത്ത് തന്നെ ശിക്ഷ നൽകപ്പെടുന്നു. അപ്പോൾ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് എങ്ങോട്ടും ഓടിമാറാൻ അവനു സാധിക്കുകയില്ല. അതുകൊണ്ട് നിങ്ങളുടെ അല്ലാഹുവിനെ നിങ്ങൾ പെട്ടെന്ന് തൃപ്തിപ്പെടുത്തുക. ആ ഭയാനകമായ നാൾ വരുന്നതിനുമുമ്പേ നിങ്ങൾ അല്ലാഹുവുമായി മൈത്രിയിലാകുക. അവൻ അങ്ങേയറ്റം ഉദാരനാണ്. അലിവോടുകൂടി പശ്ചാതപിച്ചുമടങ്ങുമ്പോൾ, എഴുപത്വർഷത്തെ പാപം പൊറുക്കാൻ അവനുകഴിയും. തൗബ അഥവാ പശ്ചാതാപം സ്വീകരിക്കപ്പെട്ടില്ലെന്ന് പറയാതിരിക്കുക. എഴുപത് വർഷത്തെ പാപം കൊണ്ടുദ്ദേശിക്കുന്നത് ലയ്ലത്തുൽ ഖദ്റാണ്, ഓർമ്മിക്കുക നിങ്ങളുടെ കർമ്മങ്ങൾ കൊണ്ട് നിങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കുകുകയില്ല. എപ്പോഴും രക്ഷിക്കുന്നത് ദൈവാനുഗ്രഹമാണ്, കർമ്മങ്ങളല്ല. ഉദാരനും കരുണാവാരിധിയുമായ അല്ലാഹുവേ, ഞങ്ങളിൽ നിന്റെ അനുഗ്രഹം ചൊരിഞ്ഞാലും! നിന്റെ ദാസരായ ഞങ്ങൾ നിന്റെ തിരുസന്നിധിയിൽ വീണുകിടക്കുകയാണ്. അല്ലാഹു തആല ഇതിന് തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

---

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on 17- 09- 2004 at
Baithul Futuh, London.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**PHONE : 98465 02288**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**